പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1610

13.07.2011ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ.സി.പി.മുഹമ്മദ്: | ഡോ.എം.കെ.മുനീർ,<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; ആയതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ട്; | (എ)<br>1. ആശ്വാസ കിരണം പദ്ധതി പ്രകാരം 1986 പേർക്ക് 59,22,409/-രൂപ ചെലവഴിച്ചു.<br>2. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ' സ്നേഹസാന്ത്വനം ' പദ്ധതി പ്രകാരം 533 പേർക്ക് 400/-രൂപ നിരക്കിൽ 2010 ജൂൺ മുതൽ നവംബർ വരെ പ്രതിമാസ ധനസഹായം നൽകി. തുടർന്ന് ജില്ലാ കളക്ടറുടെ ലിസ്റ്റിൽപ്പെട്ട 3642 പേർക്ക് 2010 ഡിസംബർ മുതൽ 2000/-രൂപ, 1000/-രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനു വേണ്ടി 3,04,22,525/-രൂപ ചെലവഴിച്ചു.<br>3. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ചെലവുകൾക്കായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 1808 കുട്ടികൾക്ക് 24,96,000/-രൂപ ചെലവഴിച്ചു.<br>4. അവിവാഹിതരായ ആദിവാസി അമ്മമാർക്ക് ധനസഹായം നൽകുന്ന സ്നേഹസ്പർശം പദ്ധതി പ്രകാരം 74 പേർക്ക് സഹായം നൽകുന്നയിനത്തിൽ 6,30,381/-രൂപ ചെലവഴിച്ചു. |

| | |
|---|---|
| (ബി) സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ഏതൊക്കെ വിഭാഗം ജനങ്ങൾക്ക് ധനസഹായം നൽകിവരുന്നു; | (ബി)<br>1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് പരിചരണം നൽകുന്നവർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.<br>2. എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലുള്ളവർക്കും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്കും എൻഡോസൾഫാൻ ദുരിത ബാധിതരായ തുടർ ചികിത്സ ആവശ്യമുള്ളവർക്കും സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.<br>3. ചൂഷണത്തിന് വിധേയരായി അമ്മമാരായ പട്ടികവർഗ്ഗ വനിതകൾക്ക് സ്നേഹസ്പർശം പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| (സി) അർഹതയില്ലാത്ത പലർക്കും ധനസഹായം നൽകിയതു സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്? | (സി)<br>ഇതുവരെ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |

R. Vijayalekshmi

സെക്ഷൻ ഓഫീസർ